LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം

102 [1788] ശ്രീ. കോവൂർ കുഞ്ഞുമോൻ:
" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശികളും സ്വദേശികളുമായി എത്ര വിനോദസഞ്ചാരികൾ സംസ്ഥാനത്ത് എത്തിയെന്നും അതിലൂടെ എന്ത് വരുമാനം ലഭ്യമായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

2003-ൽ (നവംബർ മാസം വരെ) കേരളം സന്ദർശിച്ച വിദേശ, സ്വദേശ വിനോദസഞ്ചാരികളുടെ എണ്ണവും ഇതിലൂടെ ലഭിച്ച ഏകദേശ വരുമാനവും താഴെ പറയുന്നു.

വിനോദ സഞ്ചാരികൾ	എണ്ണം	പ്രത്യക്ഷ വരുമാനം (രൂപ കോടിയിൽ)
വിദേശം	251158	820
സ്വദേശം	5227719	3110

തുഷാരഗിരിയിൽ വികസന പദ്ധതികൾ ആരംഭിക്കുവാൻ നടപടി

103 [1789] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയുമായി ബന്ധപ്പെടുത്തി എൻ.എച്ച്. 212-ലെ അടിവാരത്തുനിന്ന് തുടങ്ങി കെ.ടി.എം.എ.ഇ. സ്റ്റേറ്റ് ഹൈവേയിലെ ഓമശ്ശേരിയിലെത്തുന്ന റോഡ് ടൂറിസം റോഡായി വികസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ധാരാളം സ്വദേശി-വിദേശി ടൂറിസ്റ്റുകൾ ദിവസവും എത്തുന്ന തുഷാരഗിരിയിൽ ടൂറിസം ഗസ്റ്റ് ഹൗസ് നിർമ്മിക്കുന്നതുൾപ്പെടെയുള്ള വികസന പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകുമോ?

ഉത്തരം

(എ) വിഭവലഭ്യതയനുസരിച്ച് പരിഗണിക്കാവുന്നതാണ്.

(ബി) തുഷാരഗിരിയിൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശമില്ല. അവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കൊല്ലം ജില്ലയിലെ ടൂറിസം വികസനത്തിനുള്ള പദ്ധതികൾ

104 [1790] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയുടെ സർവ്വതോന്മുഖമായ ടൂറിസം വികസനത്തിനു വേണ്ടി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയുടെ സർവ്വതോന്മുഖമായ ടൂറിസം വികസനത്തിനു വേണ്ടി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. വിവിധോദ്ദേശ്യ കലാസാംസ്കാരിക സമുച്ചയം (തുക 48 ലക്ഷം)
2. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡി.റ്റി.പി.സി. (തുക 11,96,750)
3. തിരുമുല്ലവാരം ബീച്ചിന്റെ വികസനം (തുക 23,68,000)
4. പുനലൂർ തൂക്കുപാലത്തോടനുബന്ധമായിട്ടുള്ള പാർക്കും, പരിസരവും സൗന്ദര്യവൽക്കരണം (തുക 25,00,000)
5. ആനന്ദവല്ലീശ്വരത്ത് വഴിയോര വിശ്രമകേന്ദ്രവും, വാണിജ്യ സമുച്ചയവും (BOT)
6. അഷ്ടമുടി ആഴ്ലിംഗ് കേന്ദ്രങ്ങളുടെ നിർമ്മാണം (തുക 5,75,000)
7. ഡി.റ്റി.പി.സി. ഇൻഫർമേഷൻ സെന്ററിന്റെ നവീകരണം (തുക 1,52,500)
8. കൊട്ടാരക്കരയിൽ വഴിയോര വിശ്രമകേന്ദ്രവും വാണിജ്യസമുച്ചയവും (BOT)
9. മുട്ടറ മരുതിമലയുടെ വികസനം (BOT)
10. താലൂക്ക് ഓഫീസ് ജംഗ്ഷൻ മുതൽ ആശ്രാമം വരെയുള്ള ലിങ്ക് റോഡിന്റെ നിർമ്മാണം (തുക 3,00,00,000)

LIBRARY ARCHIVES Kerala Legislative Assembly